"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

KSHB Building, ശാന്തി നഗർ, തിരുവനന്തപുരം-1.

## ജോയിന്റ്ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: സുനിൽ ജേക്കബ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - ട്രേഡ് മാറി നിൽക്കുന്ന ഉദ്യോഗസ്ഥനെ തിരികെ മാതൃട്രേഡിൽ മാറ്റി നിയമിച്ച് ഉത്തരവാകുന്ന് - സംബന്ധിച്ച്

പരാമർശം:-
1) 27.02.2009 തീയതിയിലെ എ2/25806/09 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്
2) 27.02.09 തീയതിയിലെ എ2/2211/09 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്
3) 21.03.07 തീയതിയിലെ എ2/653/06 നമ്പരായ ജോയിന്റ് ഡയറക്ടറടെ ഉത്തരവ്
4) 31.11.2004 തീയതിയിലെ എ2/18127/04 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്
5) 14.12.2006 തീയതിയിലെ എ2/4044/05 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്.

**ഉത്തരവ് നമ്പർ: എ2/387/2002 തീയതി: 24.01.2015**

കേരളാ പബ്ലീക്ക് സർവ്വീസ് കമ്മീഷന്റെ ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡിലെ നിയമന ശുപാർശകൾ കൃത്യമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം സ്വന്തം ട്രേഡിൽ നിന്നും മറ്റു ട്രേഡുകളിലേക്ക് മാറി നിൽക്കുന്ന ഇൻസ്ട്രക്ടർമാരെ സ്വന്തം ട്രേഡിലേയ്ക്ക് മാറ്റി നിയമിച്ച് താഴെപ്പറയുന്ന ഉത്തരവുകൾ ഉടൻ പ്രാബല്ല്യത്തിൽ വരത്തക്കവിധം പുറപ്പെടുവിക്കുന്നു.

1) ഏറിയാട്, ദേശമംഗലം, തേവലക്കര, പെരുവ എന്നീ ഐ.ടി.ഐ.കളിൽ എ.സി.ഡി. ഇൻസ്ട്രക്ടർമാരായി യഥാക്രമം സേവനത്തിലിരിക്കുന്ന സർവ്വശ്രീ. സുജയകുമാരി. എം.ജെ.സീന, ആലോഷ്.എസ്.ആനന്ദ്, വി.വി. ബിനുമോൻ എന്നീ ഇൻസ്ട്രക്ടർമാരെ സ്വന്തം ട്രേഡായ ഇലക്ട്രോണിക്സ് മെക്കാനിക്കിൽ താഴെപ്പറയുംവിധം അടുത്തുള്ള ഒഴിവുകളിൽ മാറ്റി പുന:ക്രമീകരിച്ച് നിയമിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1. | ശ്രീമതി.സുജയകുമാരി | - ഐ.ടി.ഐ (വനിത) മലമ്പുഴ |
| 2. | ശ്രീ.എം.ജെ.ബീന | - ഐ.ടി.ഐ മലമ്പുഴ |
| 3. | ശ്രീ.ആഘോഷ്.എസ്.ആനന്ദ് | - ഐ.ടി.ഐ ചന്ദനത്തോപ്പ് |
| 4. | ശ്രീ.വി.വി.ബിനുമോൻ | - ഐ.ടി.ഐ ചെങ്ങന്നൂർ |

2) അരീക്കോട് ഐ.ടി.ഐ.യിലെ എം.ആർ.റ്റി.വി. ഇൻസ്ട്രക്ടറായി സേവനത്തിലിരിക്കുന്ന ശ്രീമതി.ശാന്ത റ്റി.വി.യെ സ്വന്തം ട്രേഡായ ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡിൽ ഒഴിവില്ലാതിരുന്ന സാഹചര്യത്തിൽ എം.ആർ.റ്റി.വി. ട്രേഡിൽ നിയമിച്ചിരുന്നു. ടിയാളെ

സ്വന്തം ട്രേഡായ ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡിലേയ്ക്ക് മാറ്റി കുഴൽമന്ദം ഐ.ടി.ഐ. യിലെ ഏറ്റവും അടുത്തുള്ള നിലവിലുള്ള ഒഴിവിൽ പുന:ക്രമീകരിച്ച് നിയമിച്ച് ഉത്തരവാകുന്നു.

3) ചെന്നീർക്കര ഐ.ടി.ഐ.യിൽ ഇലക്ട്രോണിക്സ് മെക്കാനിക്ക് (ബി.ബി.ബി.റ്റി)-ൽ സേവനത്തിലിരിക്കുന്ന ശ്രീമതി.സ്നേഹലതയെ സ്വന്തം ട്രേഡായ എം.ആർ.റ്റി.വി. ട്രേഡിൽ ചെന്നീർക്കര ഐ.ടി.ഐ.യിൽ തന്നെ മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

4) മലമ്പുഴ ഐ.ടി.ഐ.യിലെ ഇലക്ട്രോണിക്സ് മെക്കാനിക്ക് (ബി.ബി.ബി.റ്റി) ട്രേഡിൽ സേവനത്തിലിരിക്കുന്ന ശ്രീമതി.ഗിരിജ-എം-നെ സ്വന്തം ട്രേഡായ എം.ആർ.റ്റി.വി. ട്രേഡിൽ മലമ്പുഴ ഐ.ടി.ഐ യിൽ തന്നെ നിലവിലുള്ള ഒഴിവിൽ പുന:ക്രമീകരിച്ച് നിയമിച്ച് ഉത്തരവാകുന്നു.

5) ധനുവച്ചപുരം ഐ.ടി.ഐ.യിൽ ഇൻസ്ട്രക്ടർ ആയി സേവനത്തിലിരിക്കുന്ന ശ്രീമതി.ഷർമിള ലാലി സ്വന്തം ട്രേഡായ ഇലക്ട്രോണിക്സ് മെക്കാനിക്കിൽ ഒഴിവില്ലാതിരുന്ന സാഹചര്യത്തിൽ മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ-ൽ മാറി നിൽക്കുകയായിരുന്നു. ടിയാളെ സ്വന്തം ട്രേഡായ ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡിൽ ഏറ്റവും അടുത്തുള്ള ഒഴിവായ ആറ്റിങ്ങൽ ഐ.ടി.ഐ.യിൽ പുന:ക്രമീകരിച്ച് നിയമിച്ച് ഉത്തരവാകുന്നു.

6) ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ടി ഉത്തരവ് നടപ്പാക്കി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. സ്ഥലംമാറ്റപ്പെടുന്ന ഉദ്യോഗസ്ഥർക്ക് നിലവിലുള്ള നിയമപ്രകാരമുള്ള ദിനബത്ത, യാത്രാബത്ത, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്:-

ഉദ്യോഗസ്ഥർക്ക്

കോപ്പി:- 1. പ്രിൻസിപ്പാൾ ഐ.ടി.ഐ (വനിത) മലമ്പുഴ/ മലമ്പുഴ/ ചന്ദനത്തോപ്പ്/ ചെങ്ങന്നൂർ/ആറ്റിങ്ങൽ/ധനുവച്ചപുരം/അരീക്കോട്/ചെന്നീർക്കര/ഏറിയാട്/ ദേശമംഗലം/ തേവലക്കര/ പെരുവ/കുഴൽമന്ദം

2. ഡി.റ്റി/എ.ഡി.റ്റി/ജെ.ഡി.റ്റി(സിഎ)
3. എസ്.എസ് (എ)
4. എസ്.എഫ് (എ2)
5. വകുപ്പ് വെബ്സൈറ്റ്

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

KSHB Building,ശാന്തി നഗർ, തിരുവനന്തപുരം-1.

## ജോയിന്റ്ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: സുനിൽ ജേക്കബ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - ട്രേഡ് മാറി നിൽക്കുന്ന ഉദ്യോഗസ്ഥനെ തിരികെ സ്വന്തം ട്രേഡിൽ നിയമിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 25.07.2007 തീയതിയിലെ എ2/11983/07 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്
2) 13.07.11 തീയതിയിലെ എ2/283/07 നമ്പരായ ജോയിന്റ് ഡയറക്ടറടെ ഉത്തരവ്
3) 29.03.2007 തീയതിയിലെ എ2/653/06 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്

**ഉത്തരവ് നമ്പർ: എ2/3838/15 തീയതി: 23.01.2015**

കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഫിറ്റർ ട്രേഡുകളിലേക്കുള്ള നിയമന ശുപാർശകൾ കൃത്യമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം ഫിറ്റർ ട്രേഡിൽ നിന്നും മറ്റു ട്രേഡുകളിൽ മാറ്റി നിയമിക്കപ്പെട്ട ഇൻസ്ട്രക്ടർമാരെ സ്വന്തം ട്രേഡിലേയ്ക്ക് പുന:ക്രമീകരിച്ച് താഴെപ്പറയുന്ന നിയമനങ്ങൾ ഉടൻ പ്രാബല്ല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) കണ്ണൂർ ഐ.ടി.ഐ.യിലെ ഇൻസ്ട്രക്ടർ ആയ ശ്രീ.കെ.പി.പ്രേംജിത്തിനെ ഫിറ്റർ ട്രേഡിൽ ഒഴിവില്ലാതിരുന്ന സാഹചര്യത്തിൽ സ്വന്തം ട്രേഡായ ഫിറ്ററിൽ നിന്നും മാറ്റി ഷീറ്റ് മെറ്റൽ വർക്കർ ട്രേഡിൽ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം താൽക്കാലികമായി നിയമിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഫിറ്റർ ട്രേഡിൽ ഒഴിവു നിലവിലുള്ള സാഹചര്യത്തിൽ ടിയാനെ ഷീറ്റ് മെറ്റൽ വർക്കർ ട്രേഡിൽ നിന്നും സ്വന്തം ട്രേഡായ ഫിറ്റർ ട്രേഡിലേക്ക് മാറ്റി സമീപ ജില്ലകളിലൊന്നും തുറന്ന ഒഴിവില്ലാത്ത സാഹചര്യത്തിൽ ഏറ്റവും അടുത്തുള്ള ഏറ്റുമാനൂർ ഐ.ടി.ഐ.യിൽ നിലവിലുള്ള ഫിറ്റർ ട്രേഡിലെ ഒഴിവിൽ പുന:ക്രമീകരിച്ച് നിയമിച്ച് ഉത്തരവാകുന്നു.

2) ഫിറ്റർ ട്രേഡിൽ ഒഴിവില്ലാതിരുന്നതിനാൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം രാജാക്കാട് ഐ.ടി.ഐ.യിലെ എ.സി.ഡി.ഇൻസ്ട്രക്ടറായി മാറ്റി നിയമിച്ചിരുന്ന ശ്രീ.വിനു.പി-യെ ഫിറ്റർ ട്രേഡിൽ ഒഴിവു നിലവിലുള്ള സാഹചര്യത്തിൽ ടിയാന്റെ സ്വന്തം ട്രേഡിലേക്ക് മാറ്റി ഏറ്റവും സമീപത്തായുള്ള ചെന്നീർക്കര ഐ.ടി.ഐ യിലെ നിലവിലുള്ള ഒഴിവിൽ പുന:ക്രമീകരിച്ച് നിയമിച്ച് ഉത്തരവാകുന്നു.

3) സ്വന്തം ട്രേഡിൽ ഒഴിവില്ലാതിരുന്നതിനാൽ പരാമർശം (2) ലെ ഉത്തരവ് പ്രകാരം കളമശ്ശേരി ഐ.ടി.ഐ.യിലെ എക്യൂപ്മെന്റ് മെയിന്റനൻസ് വിംഗ്(ഇ.എം.ഡബ്ല്യു) -ലെ ഒഴിവിൽ മാറ്റി നിയമിച്ചിരുന്ന ശ്രീ.ഇ.നിസാമുദ്ദീനെ ഫിറ്റർ ട്രേഡിൽ ഒഴിവു നിലവിലുള്ള സാഹചര്യത്തിൽ എക്യൂപ്മെന്റ് മെയിന്റനൻസ് വിംഗ്-ൽ നിന്നും സ്വന്തം ട്രേഡിലേയ്ക്ക് മാറ്റി നിയമിക്കേണ്ടതായുണ്ട്.

ചെങ്ങന്നൂർ ഐ.ടി.ഐ.യിലെ ഫിറ്റർ ട്രേഡിൽ ഇപ്പോൾ സേവനത്തിലുള്ള ശ്രീ.ശ്രീനിവാസൻ പിള്ളയുടെ അപേക്ഷ, ടിയാളുടെ റിട്ടയർമെന്റിനുള്ള സമയപരിധി കുടി പരിഗണിച്ച് ടിയാനെ കൊല്ലം ചന്ദനത്തോപ്പിലെ തുറന്ന ഒഴിവിലേയ്ക്ക് സ്ഥലം മാറ്റിക്കൊണ്ടും ഈ സ്ഥലംമാറ്റം മുഖേനയുണ്ടാകുന്ന ചെങ്ങന്നൂർ ഐ.ടി.ഐ.യിലെ ഒഴിവിൽ കളമശ്ശേരി എക്യൂപ്മെന്റ് മെയിന്റനൻസ് വിംഗിൽ നിന്നും ശ്രീ.ഇ.നിസാമുദ്ദീനെ മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

4) ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ടി ഉത്തരവ് നടപ്പാക്കി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. സ്ഥലംമാറ്റപ്പെടുന്ന ഉദ്യോഗസ്ഥർക്ക് നിലവിലുള്ള നിയമപ്രകാരമുള്ള ദിനബത്ത, യാത്രാബത്ത, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്:-

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

കോപ്പി:-
1. പ്രിൻസിപ്പാൾ ഐ.ടി.ഐ കണ്ണൂർ/രാജാക്കാട്/കളമശ്ശേരി/ചെങ്ങന്നൂർ/ കൊല്ലം/ഏറ്റുമാനൂർ/ചെന്നീർക്കര.
2. ഡി.റ്റി/എ.ഡി.റ്റി/ജെ.ഡി.റ്റി(സിഎ)
3. എസ്.എസ് (എ)
4. എസ്.എഫ് (എ2)
5. വകുപ്പ് വെബ്സൈറ്റ്

ആർ/Jan 24. 15